KSEB
കേരളത്തിന്റെ ഊർജ്ജം

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ്ആക്റ്റ് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424
ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in
ഫോൺ (ഓഫീസ് ): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

## 14.05.2018 ന് തിരുവനന്തപുരം വൈദ്യുതി ഭവൻ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന

## യോഗത്തിന്റെ മിനിട്സ്

പങ്കെടുത്തവർ

1. ശ്രീ. ആർ. സുക, ചീഫ് സേഫ്റ്റി കമ്മിഷണർ,വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം
2. ശ്രീ. റാം മഹേഷ് , ചീഫ് പെഴ്സണൽ ഓഫീസർ, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം
3. ശ്രീമതി. ഷീല ആർ പിള്ള, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സേഫ്റ്റി
4. ശ്രീ. ജയശങ്കർ. ഡി. അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ, സേഫ്റ്റി
5. ശ്രീ. സജീവ്. സി എസ്., ഐ എൻ ടി യു സി
6. ശ്രീ. ഷമീർ , ഐ എൻ ടി യു സി
7. ശ്രീമതി. കവിത രാജൻ, എ ഐ ടി യു സി
8. ശ്രീ. വി. സുനിൽകുമാർ , എ ഐ ടി യു സി
9. ശ്രീ.സജീവ് കുമാർ എം. പി., സി ഐ ടി യു
10. ശ്രീ. സജു എ. എച്ച് ., സി ഐ ടി യു
11. ശ്രീ. ഷാജി എം. ഐ എൻ ടി യു സി

യോഗ നടപടികൾ രാവിലെ 11.30 മണിക്ക് ചീഫ് സേഫ്റ്റി കമ്മിഷണർ, കെ എസ് ഇ ബി ലിമിറ്റഡിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ചീഫ് സേഫ്റ്റി കമ്മിഷണർ, ചീഫ് പെഴ്സണൽ ഓഫീസറെയും, യൂണിയൻ പ്രതിനിധികളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. സേഫ്റ്റി വിഭാഗത്തിന്റെ പ്രവർത്തനത്തെപ്പറ്റി അധ്യക്ഷൻ വിശദീകരിച്ചു. ഈ സാമ്പത്തിക വർഷം ആദ്യ 3 മാസം മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ബോർഡ് ജീവനക്കാരുടെയും, കരാർ ജീവനക്കാരുടെയും അപകടം കുറഞ്ഞിട്ടുണ്ട്. 2018 "ZERO ACCIDENT YEAR" - ആയി ആചരിക്കുകയാണ്. എന്നാൽ ആ നിലയിൽ എത്താൻ കഴിയാത്ത വിധം അപകടങ്ങൾ ഉണ്ടാകുന്നതായി ചീഫ് പെഴ്സണൽ ഓഫീസർ അഭിപ്രായപ്പെട്ടു. വൈദ്യുത അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് മുൻവർഷത്തെപ്പോലെ mass campaign വഴി "ZERO ACCIDENT YEAR" ലക്ഷ്യമിട്ടതെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു. അപകടത്തിന്റെ തോത് ഈ നിലയിൽ എത്തുന്നതിന് CEA Safety Regulation നിർദ്ദേശിക്കുന്ന നിലയിൽ ഉള്ള വർക്ക് സൂപ്പർവിഷന്റെ അഭാവവും ഉണ്ടെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു. അതുപോലെതന്നെ സുരക്ഷ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടും പല സ്ഥലത്തും ജീവനക്കാർ അത് ഉപയോഗിക്കുന്നില്ല എന്നും അറിയിച്ചു. ആയതിനാൽ CEA Safety Regulation നിർദ്ദേശിക്കുന്ന എല്ലാ ഉപകരണങ്ങളും ഉൾപ്പെടുത്തി Personal Protective Equipments-ന്റെ സേഫ്റ്റി കിറ്റ് തോളിൽ തൂക്കിയിടാവുന്ന തരത്തിലുള്ള ഒരു ബാഗോടുകൂടി എല്ലാ ലൈൻമാൻമാർക്കും അവരുടെ HRIS

Account-ൽ രേഖപ്പെടുത്തിക്കൊണ്ട് നൽകാനായി ബോർഡ് തലത്തിൽ ആലോചിക്കുന്നതായും അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് അംഗീകൃത യൂണിയനുകളുടെ അഭിപ്രായം ചീഫ് സേഫ്റ്റി കമ്മീഷണർ ആവശ്യപ്പെട്ടു.

സുരക്ഷ വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഫലമായി ജീവനക്കാരുടെ അപകടം വളരെ കുറഞ്ഞതായി എല്ലാ യൂണിയൻ പ്രതിനിധികളും പറഞ്ഞു. സുരക്ഷ ഉപകരണങ്ങൾ ലഭ്യമായിട്ടും അവ ഉപയോഗിക്കാത്തതും, അശ്രദ്ധയും, അമിത ആത്മവിശ്വാസവും അപകടത്തിലേക്ക് നയിക്കുന്നതായി പൊതുവേ ചർച്ച വന്നു. സേഫ്റ്റി കിറ്റ് HRIS-ൽ രേഖപ്പെടുത്തി നൽകുന്നതിലൂടെ ഓരോ ലൈൻമാനും അത് ഉപയോഗിക്കാൻ ഉള്ള ഉത്തരവാദിത്വം ഉണ്ടാകുമെന്ന് സംഘടന പ്രതിനിധികൾ അറിയിച്ചു. എന്നാൽ സേഫ്റ്റി കിറ്റ് ജീവനക്കാർക്ക് ബാധ്യത ആയി മാറരുതെന്ന പൊതു അഭിപ്രായം ഉണ്ടായി. നിലവിലുള്ള സേഫ്റ്റി ഗ്ലൗസ് കട്ടികൂടിയതായതിനാൽ അത് ഉപയോഗിച്ച് എല്ലാ ജോലിയും ചെയ്യാൻ സാധിക്കുന്നില്ല. ആയതിനാൽ അയവുള്ള തരം സേഫ്റ്റി ഗ്ലൌസും, സേഫ്റ്റി ഷൂസും ആണ് വേണ്ടതെന്നും , കൈയ്യിൽ കൊണ്ടുനടക്കാവുന്ന തരത്തിലുള്ള എൽ. ടി. എർത്ത് റോഡ് ആണ് സേഫ്റ്റി കിറ്റിൽ ഉൾപ്പെടുത്തേണ്ടതെന്നുമുള്ള ആവശ്യം സംഘടന പ്രതിനിധികൾ ഉന്നയിച്ചിട്ടുണ്ട് .

സേഫ്റ്റി കിറ്റിൽ ബോർഡ് നിർദ്ദേശത്തോടെ ഉൾപ്പെടുത്തിയ ഉപകരണങ്ങളോടൊപ്പം താഴെ പറയുന്നവ കൂടി ഉൾപ്പെടുത്തണമെന്ന് പൊതു ആവശ്യം ഉയർന്നു.

1. സ്പാനർ സെറ്റ് 16' to 22' സൈസും, ക്രമീകരിക്കാവുന്ന മീഡിയം സൈസ് സ്പാനർ ഒരെണ്ണം
2. എർത്ത് സ്പൈക്
3. ഹാമ്മർ
4. ഷോർട്ടിംഗ് ക്ലിപ്പ് - 2 സെറ്റ്

ഈ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കുറിപ്പ് ബോർഡിന്റെ പരിഗണനയ്ക്ക് വയ്ക്കുമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു. അതോടൊപ്പം തന്നെ സേഫ്റ്റി കിറ്റിൽ ഉള്ള ഉപകരണങ്ങൾ ബോധപൂർവ്വം അല്ലാതെ കേടാകുകയാണെങ്കിൽ അവ ഒരു കാരണവശാലും ലൈൻമാന്റെ ബാധ്യത ആകില്ല എന്നും, നഷ്ടപ്പെടുത്തുകയോ/ബോധപൂർവ്വം കേടാക്കുകയോ ആണെങ്കിൽ അവ ബാധ്യത ആകുന്നതാണ് എന്നും അറിയിച്ചു.

സുരക്ഷ ഉപകരണങ്ങൾ ഏതാണ്ട് എല്ലായിടത്തും ലഭ്യമാക്കിയിട്ടുണ്ട്. അത് അതാത് ഡിവിഷൻ /സബ് ഡിവിഷൻ വഴിയാണ് ലഭ്യമാക്കിയിട്ടുള്ളത് . ഇത്തരത്തിൽ സുരക്ഷ ഉപകരണങ്ങൾ ലഭ്യമാക്കിയതിൽ സംഘടന പ്രതിനിധികൾ സംതൃപ്തി അറിയിച്ചു. എന്നാൽ ചില സ്ഥലങ്ങളിൽ വാങ്ങിയ ഉപകരണങ്ങൾ ഗുണനിലവാരം കുറഞ്ഞതായി ആക്ഷേപം ഉയർന്നിട്ടുണ്ട്. അത് സംബന്ധിച്ച് പരിശോധന വേണമെന്ന് അവർ ആവശ്യപ്പെട്ടു. വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഡിവിഷൻ തല സേഫ്റ്റി കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതാണ്. ആ കമ്മിറ്റി അത് പരിശോധിച്ച് വേണ്ട ഇടപെടലുകൾ ഈ കാര്യത്തിൽ ഉണ്ടാക്കുമെന്നും ആയതിന് സംഘടനാ നേതാക്കളുടെ സഹകരണം ഉണ്ടാകണമെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ ആവശ്യപ്പെട്ടു. ചില ഡിവിഷൻ തല സേഫ്റ്റി കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ഉന്നയിച്ചു. അതിനു ഒരു പരിധിവരെ പരിഹാരമായി ജില്ലയിലെ ട്രേഡ് യൂണിയൻ നേതാക്കളേയും

കൂടി ഉൾപ്പെടുത്തി സർക്കിൾ തല സേഫ്റ്റി കമ്മിറ്റിയും, അതുപോലെ സംസ്ഥാന തല സേഫ്റ്റി കമ്മിറ്റിയും ഉണ്ടാക്കണമെന്ന് യൂണിയൻ പ്രതിനിധികൾ ആവശ്യപ്പെട്ടു.

ഡിവിഷൻ തല സേഫ്റ്റി കമ്മിറ്റിയുടെ പ്രവർത്തനങ്ങളടേതടക്കം സർക്കിളിന്റെ പരിധിയിലുള്ള മറ്റ് സുരക്ഷ വിഷയങ്ങളും ചർച്ച ചെയ്യാനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ചെയർമാനായും, സേഫ്റ്റി കോർഡിനേറ്റർ കൺവീനറായും, സേഫ്റ്റി ഓഫീസർമാരും , എല്ലാ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ട്രേഡ് യൂണിയനിലെ ഓരോ നേതാക്കളും, കരാർ ജീവനക്കാരുടെ ഒരു പ്രതിനിധിയും, ജില്ല ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പ്രത്യേക ക്ഷണിതാവായും ഉൾപ്പെട്ട ഒരു സർക്കിൾ തല സേഫ്റ്റി കമ്മിറ്റി രൂപീകരിക്കുന്നത് പരിഗണിക്കാമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു. ഇതിനു സമാനമായി സംസ്ഥാന തല സേഫ്റ്റി കമ്മിറ്റി രൂപീകരിച്ച് സംസ്ഥാന തല സുരക്ഷ അവലോകനം നടത്താമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

അപകടങ്ങൾ കൂടുതലും ഉണ്ടാകുന്നത് ലൈൻ ഓഫ് ചെയ്യാത്തതും, എർത്ത് ചെയ്യാത്തതും കൊണ്ടാണ് . അതുകൊണ്ട് സൺറൈസ് മീറ്റിംഗിലെ പ്രതിജ്ഞ ഒരു വരി കൂടി ചേർത്ത് പുതുക്കണമെന്ന ആവശ്യം യൂണിയൻ പ്രതിനിധികൾ ഉന്നയിച്ചു.

**"വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിന് മുൻപ് വൈദ്യുതി ബന്ധം വിച്ഛേദിച്ചും, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ഞാൻ ജോലി ചെയ്യുകയുള്ളൂ."** എന്ന ഒരു വരി കൂടി ഇപ്പോൾ സൺറൈസ് മീറ്റിംഗിൽ ചൊല്ലുന്ന പ്രതിജ്ഞയിൽ ഉൾപ്പെടുത്തണമെന്ന് സംഘടന നേതാക്കൾ ആവശ്യപ്പെട്ടു. ഈ നിലയിൽ ഈ നിർദ്ദേശങ്ങൾ പരിഗണിക്കാമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

<u>തീരുമാനം:-</u>

1. സേഫ്റ്റി കിറ്റ് എല്ലാ ലൈൻമാൻമാർക്കും നൽകാനും അത് HRIS-മായി ബന്ധപ്പെടുത്താനും തീരുമാനിച്ചു.
2. സംസ്ഥാന തല /സർക്കിൾ തല /സംസ്ഥാന തല ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു സേഫ്റ്റി കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.
3. സൺറൈസ് മീറ്റിംഗിൽ ചൊല്ലുന്ന പ്രതിജ്ഞയിൽ **"വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിന് മുൻപ് വൈദ്യുതി ബന്ധം വിച്ഛേദിച്ചും, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ഞാൻ ജോലി ചെയ്യുകയുള്ളൂ."** എന്ന ഒരു വരി കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.
4. സേഫ്റ്റി കിറ്റിൽ ഉള്ള സുരക്ഷ ഉപകരണങ്ങൾ നഷ്ടപ്പെടുത്തുകയോ / ബോധപൂർവ്വം കേടാക്കുകയോ അല്ലാത്ത ഒന്നും ലൈൻമാന്റെ ബാധ്യതയാകുന്നതല്ല.

യോഗ നടപടികൾ 1.00 മണിക്ക് അവസാനിച്ചു.

**ചീഫ് സേഫ്റ്റി കമ്മീഷണർ**